പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 710

06.02.2013 ൽ മറുപടിക്ക്

# കേരള ജിയോപോർട്ടൽ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കേരള ജിയോപോർട്ടൽ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ; | (എ) നിലവിൽ വന്നിട്ടുണ്ടു. കേരള സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ടക്ച്ചർ എന്ന ജിയോപോർട്ടൽ കേരളത്തിൽ ജനുവരി 18ന് പ്രവർത്തനം തുടങ്ങുകയുണ്ടായി. ഭൂമി ശാസ്ത്ര സംബന്ധമായ വിവരങ്ങൾ ഇന്റർനെറ്റ് വഴി ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് കേരള സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ടക്ച്ചർ ജിയോപോർട്ടൽ. സംസ്ഥാന സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകൾക്കും സർക്കാർ ഏജൻസികൾക്കും വാണിജ്യ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും അവരെ സംബന്ധിക്കുന്ന ഭൂമി ശാസ്ത്ര പരമായ വിവരങ്ങൾ ഈ ജിയോപോർട്ടൽ വഴി വെളിപ്പെടുത്താവുന്നതും ആവശ്യമുള്ളവർക്ക് ഈ പോർട്ടൽ വഴി വിവരങ്ങൾ ലഭ്യമാകുന്നതുമാണ്. |
| (ബി) എന്തെല്ലാം വിവരങ്ങളാണ് ഈ സംവിധാനം വഴി ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഈ പദ്ധതി വഴി സാമൂഹികവും രാഷ്ട്രീയ പരവുമായ അതിർത്തി വരമ്പുകൾ, സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്ര പരമായ ഘടനകൾ, കാർഷികവും സാമൂഹികവും സാംസ്കാരികവുമായ ഭിന്നതകൾ, ജനന മരണ കണക്കുകൾ, ഇൻഫ്രാസ്ടക്ച്ചർ സൗകര്യങ്ങൾ മുതലായവ വ്യക്തികൾക്ക് ലഭ്യമാക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഈ ഭൂമിശാസ്ത്രപരമായ വിവരങ്ങൾ എല്ലാം തന്നെ ഒരു പോർട്ടലിൽ കൂടി ലഭ്യമാക്കുവാൻ വേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സർക്കാർ / സർക്കാരിതര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ , വ്യവസായ , സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയക്ക് ആവശ്യമായ വിവരങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുവാൻ ഈ പദ്ധതി കൊണ്ട് കഴിയുന്നു. |

(സി) പാരിസ്ഥിതികവും ഭൂമിശാസ്ത്രപരവുമായ എന്തെല്ലാം വിവരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) ഈ ജിയോപോർട്ടൽ മുഖാന്തരം പ്രകൃതിജന്യ വിഭവങ്ങളുടെ ശേഖരം എവിടെയെല്ലാമാണെന്ന് കണ്ടെത്തുവാനും ഇവയെ നല്ല രീതിയിൽ ഉപയോഗിക്കാനും, ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും, ഭൂമിയെ സംരക്ഷിക്കുവാനും ഇത്തരത്തിൽ ഭൂപയോഗം നല്ല രീതിയിൽ നടപ്പിലാക്കുവാനും കഴിയുന്നതാണ്. ഭൗമോപരിതലത്തിന്റെ സ്വഭാവഘടനകളായ താഴ്വാരങ്ങൾ , മലകൾ, കുന്നുകൾ, വെള്ളത്തിന്റെ ഉറവിടങ്ങളായ തടാകങ്ങൾ, കടലുകൾ, കായലുകൾ, നദികൾ എന്നിവ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) Avineon India Pvt. Ltd എന്ന ഏജൻസിയുടെ സഹായത്തോടെയാണ് ജിയോപോർട്ടൽ നടപ്പിലാക്കുന്നത്. കേരള സ്റ്റേറ്റ് ഐ ടി മിഷനാണ് ഇതിന്റെ നോഡൽ ഏജൻസി. Centre for Earth Science Studies (CESS), Public Works Department (PWD), Information Kerala Mission, Kerala State Remote Sensing and Environment Center (KSREC), Survey and Land Records Department, Kerala State Land Use Board, Kerala Institute of Local Administration (KILA), Centre for Water Resource Development and Management (CWRDM), Natural Rural Health Mission (NRHM), Kerala Forest Research Institute (KFRI), എന്നിവയാണ് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്ന മറ്റു സ്ഥാപനങ്ങൾ.

സെക്ഷൻ ഓഫീസർ.